"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് (ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ) അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ എസ്.എസ്.എൽ.സി. അയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനത്തിന് അർഹരാണ് എന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.8/2022/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 29-07-2022

---

പരാമർശം: — 1) സ.ഉ. (പി) നം. 28/1987/ഉ.ഭ.പ.വ. തീയതി: 29/10/1987.

2) സ.ഉ. (പി) നം. 15/2012/ഉ.ഭ.പ.വ. തീയതി: 13/03/2012.

3) സ.ഉ. (പി) നം. 5/2018/ഉ.ഭ.പ.വ. തീയതി: 19/04/2018.

4) കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 17/08/2021-ലെ A5-2/16/2020-KPSC നമ്പർ കത്ത്.

## ഉത്തരവ്

ഇൻഡ്യൻ ആർമിയിൽ 15 വർഷത്തെ സേവനമുള്ളവരും ഏഴാം ക്ലാസ് പാസ്സായിട്ടുള്ളവരും Indian Army Certificate of Education Ist class യോഗ്യതയുള്ളവരുമായ വിമുക്ത ഭടന്മാരെ എസ്.എസ്.എൽ.സി. യോഗ്യതയായിട്ടുള്ള തസ്തികകളിൽ നിയമനത്തിനായി പരിഗണിക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) മിലിട്ടറി/പ്രതിരോധ സേനയിൽ 15 വർഷത്തിൽ കുറയാത്ത സേവനവും എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയും ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർ ഡിഗ്രി യോഗ്യതയായിട്ടുള്ള തസ്തികകളിൽ നിയമനം നേടാൻ അർഹരാണെന്ന് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. Army Graduation Certificate നേടിയവർ ബിരുദം അയോഗ്യതയായിട്ടുള്ള തസ്തികകളിലും നിയമനം നേടാൻ അർഹരാണെന്ന് വ്യക്തമാക്കി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. Army Matriculation Certificate നേടിയിട്ടുള്ളവരെയും എസ്.എസ്.എൽ.സി.

അയോഗ്യതയായിട്ടുള്ള തസ്തികകളിൽ നിയമനത്തിനായി പരിഗണിക്കണമെന്ന തരത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏഴാം ക്ലാസ് പാസ്സായ, 15 വർഷം ആർമി സർവ്വീസും Indian Army Certificate of Education Ist class യോഗ്യതയുമുള്ള വിമുക്ത ഭടന്മാർ എസ്.എസ്.എൽ.സി. യോഗ്യതയായിട്ടുള്ള തസ്തികകളിലെ നിയമനത്തിന് അർഹരാണ് എന്ന തരത്തിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് മിലിട്ടറി സർവീസുള്ളവർക്ക് നൽകുന്ന ഒരു ആനുകൂല്യം മാത്രമാണ്. മിലിട്ടറി ഗ്രാഡ്യുവേഷൻ സർട്ടിഫിക്കറ്റ്, ബിരുദം അയോഗ്യതയായ തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് തടസ്സമല്ലാത്ത സാഹചര്യത്തിൽ സമാനരീതിയിലുള്ള ആനുകൂല്യം മിലിട്ടറി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർക്ക് നൽകാതിരിക്കുന്നത് വിവേചനമാണ്.

4) മേൽ വിവരിച്ച സാഹചര്യത്തിൽ, ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് (ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ) അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ എസ്.എസ്.എൽ.സി. പാസ്സായത് അയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനത്തിന് അർഹരാണ് എന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ വകുപ്പമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, സർവ്വകലാശാല, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കെ.എസ്.ഇ.ബി., തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതു ഭരണ (എസ്.സി.) വകുപ്പ് [27-07-2022-ലെ ഇനം നം. 952 പ്രകാരം].
നിയമ വകുപ്പ് (U.O. (f) 19707/ഒപ്പീനിയൻ.ഇ 1/2021/നിയമം പ്രകാരം).
പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ് ( U.O. (f) SW1/9/22/SWD പ്രകാരം).
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി].
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ. യ്ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 27-07-2022

ഫയൽ നം. റൂൾസ്-2/115/2021/ഉ.ഭ.പ.വ. ഇനം നം: 952

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് (ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ) അല്ലെങ്കിൽ നാവിക/വ്യോമസേന നൽകുന്ന തത്തുല്യമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ SSLC പാസ്സായത് അയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ നിയമനത്തിന് അർഹരാണ് എന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

29/7/22

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | റൂൾസ്-2/115/2021/ഉ.ഭ.പ.വ. |
| 2. വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് |
| 3. വിഷയം | : | ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് (ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ) അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ SSLC പാസ്സായത് അയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ നിയമനത്തിന് അർഹരാണ് എന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/06/2022 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സ്നേഹലത. കെ. |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. ആഷ തോമസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 5/7/2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.07.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/07/2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിക്കുന്ന തീയതി | : | 26.07.2022 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 27.07.2022 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ.(അച്ചടി) നം.8/2022/ഉ.ഭ.പ.വ.<br>തീയതി: 29.07.2022 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് (ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ) അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ, SSLC പാസ്സായത് അയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ നിയമനത്തിന് അർഹരാണ് എന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പരിശോധിക്കുന്നത്.

2. SSLC Failed യോഗ്യതയായി നിശ്ചയിച്ചിരുന്ന ട്രാക്കോ കേബിൾസ് ലിമിറ്റഡിലെ Security Guard തസ്തികയിലേയ്ക്കുള്ള ശ്രീ. വിനു. ടി.ഡി. യുടെ നിയമനം ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതിനാൽ പി.എസ്.സി. നിരസിച്ചിരുന്നു. Army Matriculation Certificate നേടിയിട്ടുള്ളവരെയും SSLC അയോഗ്യതയായിട്ടുള്ള തസ്തികകളിൽ പരിഗണിക്കുന്ന തരത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വിനു. ടി.ഡി. സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ഇൻഡ്യൻ ആർമിയിൽ 15 വർഷത്തെ സേവനവും ഏഴാം ക്ലാസ് പാസ്സായിട്ടുള്ളതും Indian Army Certificate of Education Ist class യോഗ്യതയുമുള്ള വിമുക്ത ഭടന്മാരെ SSLC യോഗ്യതയായിട്ടുള്ള തസ്തികകളിൽ നിയമനത്തിനായി പരിഗണിക്കേണ്ടതാണെന്ന് 29/10/1987-ലെ G.O(P) No. 28/1987/P&ARD പ്രകാരം ഉത്തരവായിരുന്നു. മിലിട്ടറി/പ്രതിരോധ സേനയിൽ 15 വർഷത്തിൽ കുറയാത്ത സേവനവും SSLC/തത്തുല്യ യോഗ്യതയും ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ/നാവിക, വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റും നേടിയിട്ടുള്ളവർ ഡിഗ്രി യോഗ്യതയായിട്ടുള്ള തസ്തികകളിൽ നിയമനത്തിന് അർഹരാണെന്ന് 13/03/2012 ലെ സ.ഉ.(പി) നം.15/2012/P&ARD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിന് ബിരുദം അയോഗ്യതയായി 04/06/2016-ലെ സ.ഉ.(പി) നം.12/2016/P&ARD ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ മിലിട്ടറി ഗ്രാജ്വേഷൻ സർട്ടിഫിക്കറ്റ് നേടിയവർക്ക് പ്രസ്തുത ഉത്തരവിൽ ഇളവ് നൽകി ബിരുദം അയോഗ്യതയായിട്ടുള്ള തസ്തികകളിലും നിയമനം നേടാൻ അർഹരാണെന്ന് വ്യക്തമാക്കി 19.04.2018-ൽ G.O(P) No. 05/2018/P&ARD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ശ്രീ. വിനു. ടി.ഡി. യുടെ നിവേദനത്തിന്മേൽ സൈനിക ക്ഷേമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായം അറിയിച്ചു.

> "ശ്രീ. വിനു. ടി.ഡി. യുടെ അപേക്ഷ നിരസിക്കുന്ന പക്ഷം മിലിട്ടറി സേവനം മുഖേന ലഭ്യമാകുന്ന ഒരു ആനുകൂല്യം അയോഗ്യതയായി മാറുന്ന സാഹചര്യം ഉണ്ടാകും. ആയത് ഉചിതമല്ല. ഈ സാഹചര്യത്തിൽ ആർമി ഗ്രാജ്വേഷൻ സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 19.04.2018 ലെ G.O. (P) 5/2018/P&ARD ഉത്തരവ് പ്രകാരം നൽകിയ ആനുകൂല്യത്തിന് അനുസൃതമായി Army Matriculation Certificate ധാരികൾക്ക് SSLC അയോഗ്യതയായ തസ്തികകളിൽ അപേക്ഷിക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു."

4. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു.

> "ഏഴാം ക്ലാസ്സ് പാസ്സായ, 15 വർഷം ആർമി സർവ്വീസും Class I Army Matriculation Certificate-ഉം ഉള്ളവർക്ക് SSLC മിനിമം യോഗ്യതയായ തസ്തികകളിൽ നിയമിക്കപ്പെടാൻ യോഗ്യരാണെന്നാണ് GO (P) 28/87/P&ARD വ്യവസ്ഥ ചെയ്യുന്നത്. ആയത് ഏഴാം ക്ലാസ്സ് പാസ്സായവർക്ക് മിലിട്ടറി സർവ്വീസ് ഉണ്ടാകുന്ന പക്ഷം നൽകുന്ന ഒരു ആനുകൂല്യം മാത്രമാണ്. ശ്രീ. വിനു. ടി.ഡി. യുടെ അപേക്ഷ നിരസിച്ചുകൊണ്ട് KPSC നൽകിയ കത്തിൽ പരാമർശിച്ചതുപോലെ,

പ്രസ്തുത ഉത്തരവിൽ നിന്നും Class I Army Matriculation Certificate എസ്.എസ്.എൽ.സി. യ്ക്ക് തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന നിഗമനത്തിലെത്താൻ സാധിക്കുകയില്ലായെന്ന് കാണുന്നു. കൂടാതെ ആർമി ഗ്രാജുവേഷൻ സർട്ടിഫിക്കറ്റ്, ബിരുദം അയോഗ്യതയായ തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് തടസ്സമല്ലാത്ത സാഹചര്യത്തിൽ സമാനരീതിയിലുള്ള ആനുകൂല്യം ആർമി മട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർക്ക് നൽകാതിരിക്കുന്നത് വിവേചനമാണ്. SSLC പാസ്സാകാത്തവർ Tradesmen Category യിൽ സേനയിൽ നിയമിതരാകുമ്പോൾ അവരെ കുക്ക്, ബാർബർ, ധോബി shoe repairer തുടങ്ങിയ താഴ്ന്ന തസ്തികകളിലാണ് നിയോഗിക്കാറുള്ളത്. നിലവിൽ SSLC പാസ്സാകാത്ത Army Matriculation യോഗ്യത മാത്രമുള്ള 440 പേരാണ് വിവിധ ജില്ലാ സൈനിക ക്ഷേമ ആഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആർമി മട്രിക്കുലേഷൻ യോഗ്യതയുള്ളവർക്ക് SSLC അയോഗ്യതയായ തസ്തികകളിൽ നിയമനത്തിന് അർഹതയുള്ളതായി തീരുമാനിക്കുന്നപക്ഷം ആയത് നിലവിലെ ഏതെങ്കിലും വിഭാഗത്തിന്റെ ജോലി സാധ്യതയെ സാരമായി ബാധിക്കുകയില്ലായെന്നും അറിയിക്കുന്നു."

5. ഈ വിഷയത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഭിപ്രായമൊന്നും രേഖപ്പെടുത്താനില്ലായെന്ന് അറിയിച്ചിരുന്നു.

6. ഈ വിഷയത്തിൽ നിയമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം നൽകിയിരുന്നു.

"Army Matriculation Certificate നേടിയിട്ടുള്ളവരെയും SSLC അയോഗ്യതയായിട്ടുള്ള തസ്തികകളിൽ പരിഗണിയ്ക്കും വിധം ഉചിതമായ ഉത്തരവ് പുറപ്പെടുവിയ്ക്കണം എന്നത് സംബന്ധിച്ചതാണ് ഫയലിലെ പ്രതിപാദ്യ വിഷയം. പബ്ലിക് എംപ്ലോയ്മെന്റിലെ അവസര സമത്വം സംബന്ധിച്ച് പ്രതിപാദിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം

16 ലാണ്. മതം, ജാതി, വർഗ്ഗം, ലിംഗം, ജനനസ്ഥലം, താമസസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ പബ്ലിക് എംപ്ലോയ്മെന്റിൽ പ്രത്യേകമായ സംവരണം ഏർപ്പെടുത്തുന്നതും മറ്റുമാണ് പ്രസ്തുത അനുച്ഛേദത്തിലെ പ്രതിപാദ്യം. Army Matriculation Certificate എന്നത് ഒരു തത്തുല്യ യോഗ്യതയാണെന്ന് കാണുന്നു. പ്രസ്തുത യോഗ്യതയെ സംസ്ഥാനത്ത് SSLC യ്ക്ക് തുല്യമായി അംഗീകരിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. സമാനമായി ബിരുദം യോഗ്യതയുള്ള വിമുക്തഭടൻമാർക്ക് ലാസ്റ്റ് ഗ്രേഡ് പോലുള്ള താഴ്ന്ന തസ്തികകളിൽ നിയമിയ്ക്കപ്പെടുന്നതിന് പ്രസ്തുത യോഗ്യത അനർഹതയായി മാറുന്നില്ല എന്ന് സർക്കാർ ഉത്തരവ് പ്രാബല്യത്തിലിരിയ്ക്കുന്ന സാഹചര്യത്തിൽ SSLC -ക്ക് തുല്യമായ യോഗ്യത നേടിയിട്ടുള്ള വിമുക്തഭടൻമാർക്ക് താഴ്ന്ന തസ്തികകളിലേയ്ക്ക് അപേക്ഷിയ്ക്കുന്നതിന് ആയത് തടസ്സമായി നിലനിൽക്കുന്നത് ഒരു വിവേചനമാണ് എന്ന് കാണുന്നു. ആയതിനാൽ ഭരണ വകുപ്പിന്റെ ഫയലിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം ആയത് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് തന്നെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കാവുന്നതാണ്."

7. മിലിട്ടറി ഗ്രാജ്വേഷൻ സർട്ടിഫിക്കറ്റ് നേടിയവർക്ക് ബിരുദം അയോഗ്യതയായിട്ടുള്ള തസ്തികകളിലും നിയമനം നൽകാവുന്നതാണെന്ന ഉത്തരവിന്റെ സമാന മാതൃകയിൽ ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാരും SSLC അയോഗ്യതയായിട്ടുള്ള തസ്തികകളിൽ നിയമനത്തിന് അർഹരാണെന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയത്തിൽ സർക്കാർ, കമ്മീഷന്റെ ഉപദേശം തേടേണ്ടതില്ലെന്നാണ് പി.എസ്.സി. അറിയിച്ചിട്ടുള്ളത്.

8. സൈനിക ക്ഷേമ, നിയമ വകുപ്പുകളുടെയും പി.എസ്.സി. യുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാരെ SSLC അയോഗ്യതയായ തസ്തികകളിൽ

നിയമനത്തിനായി പരിഗണിക്കാവുന്നതാണ് എന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനമെടുക്കേണ്ട സംഗതി

എസ്.എസ്.എൽ.സി. പാസ്സായത് അയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനത്തിന് ആർമി മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് (ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ) അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ അർഹരാണ് എന്ന് ഉത്തരവ് പുറപ്പെടുവിക്കാമോ?